പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1292 — 03/12/2015 ൽ മറുപടിക്ക്

## മിനി ഫോറസ്റ്റിലെ ചെയിൻമാൻമാരുടെ വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശശി | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മിനി ഫോറസ്റ്റിലെ സർവ്വേയുമായി ബന്ധപ്പെട്ട ചെയിൻമാൻമാരുടെ വേതനം എങ്ങനെയാണ് വിതരണം ചെയ്യുന്നത്; | (എ) മിനി ഫോറസ്റ്റിലെ സർവ്വേയുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച സർവ്വേ ജോലി സംബന്ധിച്ച വർക്ക് ഡയറി, ഡയറി സ്കെച്ച്, ക്ലാസ്സിഫിക്കേഷൻ സ്കെച്ച്, പ്രൊപ്പോസൽ , പെരിഫെറി സ്കെച്ച്, എന്നിവ പരിശോധിച്ച് ഹെഡ് സർവ്വേയർ, സർവ്വെ സൂപ്രണ്ട് എന്നിവർ സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിലും എസ്റ്റിമേറ്റ് ക്ലാസ്സിഫിക്കേഷൻ എന്നിവ സംബന്ധിച്ച് മേഖലാ ജോയിന്റ് ഡയറക്ടറുടെ മേൽ പരിശോധനയുടേയും അടിസ്ഥാനത്തിൽ വനം വകുപ്പ് കാര്യാലയത്തിൽ നടപടി പൂർത്തിയാക്കി ചെയിൻമാൻമാരുടെ വേതനം വിതരണം ചെയ്യുന്നു. |
| (ബി) പ്രസ്തുത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് എന്നത്തേയ്ക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ? | (ബി) പ്രസ്തുത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. മേൽ വിവരിച്ച ക്രമം നടപടി പൂർത്തിയായ കേസുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് ലഭ്യതയ്ക്കനുസരിച്ചാണ് വേതനം വിതരണം ചെയ്യുന്നത്. ഈ വർഷം അലോട്ട്മെന്റ് ലഭിച്ച 5 ലക്ഷത്തിൽ നിന്നും എൽ.സി. അനുവദിക്കപ്പെട്ട 3 ലക്ഷം രൂപയ്ക്കുള്ള ചെയിൻമാൻ വേതനം പാസ്സാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ